Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2020

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. 1x4=4

1. കവികളായവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും 'കൊതിയസമാജത്തിൽ അംഗങ്ങൾ ആയിരുന്നിരിക്കണം'

(കൊച്ചുചക്കരച്ചി)

എ.പി. ഉദയഭാനുവിന്റെ നിഗമനത്തിന്റെ അടിസ്ഥാനം എന്ത്?

- നാട്ടിലെല്ലാം കൊതിയ സമാജമുണ്ട്.
- കവികൾ മാങ്ങാക്കൊതിയുള്ളവരാണ്.
- മാവിനെക്കുറിച്ച് മാധുര്യമൂറുന്ന കവിതകൾ ധാരാളമുണ്ട്.
- മാങ്ങാപ്രിയർക്കേ കവിതയെഴുതാൻ കഴിയുകയുള്ളൂ.

2. പിഞ്ഞാണവർണം - ശരിയായി വിഗ്രഹിച്ചെഴുതുന്നത് എങ്ങനെ?

- പിഞ്ഞാണവും വർണവും.
- പിഞ്ഞാണത്തിന്റെ വർണം.
- പിഞ്ഞാണം പോലുള്ള വർണം.
- പിഞ്ഞാണത്തിലെ വർണം.

3. "നമ്മളോർത്താലുമില്ലെങ്കിലും കാവലായ്
പിമ്പേ പറക്കും കുളിർമ്മ, രക്തത്തിലെ-
ച്ചൂടായി നിൽക്കുന്ന തന്മയും താളവും"

(അമ്മയുടെ എഴുത്തുകൾ)

Score

വരികളിലെ സൂചനയെന്ത്?

- അമ്മ കുളിർമ്മയുള്ളതാണ്.
- അമ്മ പിമ്പേ പറക്കുന്നു.
- അമ്മയെ മറക്കരുത്.
- മാതൃശക്തി നമ്മളെ കാത്തുപോരുന്നു.

4. "ചിരുത കൃതകൃത്യയായി"

(രണ്ടിടങ്ങഴി)

ചിരുത കൃതകൃത്യയായത് എന്തുകൊണ്ട്?

- കോരന് കഞ്ഞിബാക്കി വച്ചത് കൊണ്ട്.
- അച്ഛനെ തന്നാലാവും വിധം പരിചരിച്ചതിനാൽ.
- അച്ഛന്റെ സ്നേഹം അനുഭവിച്ചതിനാൽ.
- വയറു നിറച്ച് ഭക്ഷണം കഴിച്ചതിനാൽ

5. ചിന്മുദ്ര - ശരിയായി പിരിച്ചെഴുതിയത് ഏത്?

(ചിത്ത് + മുദ്ര, ചിൻ + മുദ്ര, ചിദ് + മുദ്ര, ചിന്തം + മുദ്ര)

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. 2x2=4

6. ആശയവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളായി മാറ്റിയെഴുതുക.

ഭാരതീയ വേദാന്തത്തിന്റെ പരമലക്ഷ്യമായ മോക്ഷം വ്യക്തിയെ മാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരു തരം സ്വാർഥത തന്നെയാകുന്നു.

7. ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും

പറഞ്ഞറിയിക്കാനാവാത്ത ഏകാന്തത അപ്പോൾ അയാളെ വലയം ചെയ്തു.

(പണയം)

റേഡിയോ പണയം വച്ചതോടെ ചാക്കുണ്ണിയിലുണ്ടായ മാറ്റം രണ്ട് സൂചനകളായി എഴുതുക.

8. നമ്മൾ വിദേശത്തു നിർമിച്ചോരമ്മതൻ

ബിംബമീയാതിഥ്യശാലയിൽ ശോഭനം.

(അമ്മയുടെ എഴുത്തുകൾ)

പുതുതലമുറയുടെ മനോഭാവം വരികളിൽ പ്രകടമാവുന്നതെങ്ങനെ?

Score
5x4=20

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരം എഴുതുക.

9. "ഈ റേഡിയോം പാട്ടൊക്കെ ഇനിക്കത്ര പിടിത്തല്ല്യാ.
മന്ഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള് !
ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം"

(പണയം)

ചെമ്പുമത്തായിയുടെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
സ്വാഭിപ്രായം കുറിക്കുക

10. "മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി"
(ശ്രീനാരായണഗുരു)

ശ്രീനാരായണഗുരുവിന്റെ ഈ ദർശനത്തിന്റെ സമകാലിക പ്രസക്തി പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

11. 'ഓണക്കാലത്തുണരും ഞാൻ തിരു-
വോണപ്പാട്ടുകളാണെൻ പാട്ടുകൾ'

(ഓണമുറ്റത്ത്)

കവിയുടെ പ്രഖ്യാപനത്തിലൂടെ വെളിപ്പെടുന്നതെന്താണ്?
കവിതയിലെ ആശയങ്ങൾ കൂടി പരിഗണിച്ച് കുറിപ്പ് തയാറാക്കുക.

12. "കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും"

(കൊച്ചുചക്കരച്ചി)

അമ്മയെ ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കുന്ന വികാരം എന്തായിരിക്കും?
ഉപന്യാസം വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണം കുറിക്കുക.

13. 'പിച്ചിയതാര് കരിഞ്ഞൊരീകൈകളോ'

(അമ്മത്തൊട്ടിൽ)

മകന് ഇത്തരത്തിലൊരു തോന്നലുണ്ടായത് എന്തുകൊണ്ടായിരിക്കും?
നിങ്ങളുടെ നിഗമനം കുറിക്കുക.

P.T.O.

Score

14. 'അതു കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു'

(രണ്ടിടങ്ങഴി)

'കണ്ണുതണുപ്പിക്കുന്ന കാഴ്ച' എന്ന പ്രയോഗം നോവൽ സന്ദർഭത്തിനു നൽകുന്ന സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 2x6=12

15. • "അച്ഛൻ വിളിച്ചില്ലെങ്കിൽ പോലും, വെറുതെ ഒരു ശബ്ദം കേട്ടാൽ മതി, അതിനു മറുവിളികൊടുക്കുക എന്നുള്ളതും അമ്മയുടെ ശീലമായി മാറിയിരിക്കുന്നു".
• വിളിക്കാനും ആരുമില്ലാത്ത വീട്ടിൽ അമ്മയെ തനിച്ചാക്കിപ്പോവുന്നതിൽ മകന് നന്നെ വിഷമമുണ്ടായിരുന്നു.
• "ഞാൻ പറയും പോയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ"

(ഓരോവിളിയും കാത്ത്)

കഥയിലെ ആത്മബന്ധങ്ങളുടെ തീവ്രത വിശകലനം ചെയ്ത് നിരൂപണം തയാറാക്കുക.

16. അയൽപക്കത്ത് അഞ്ഞാഴപ്പട്ടിണിക്കാരൻ പാർത്താൽ അതൊരു സ്വൈരക്കേടാണെന്ന് അവനറിയാം.

(കോഴിയും കിഴവിയും)

മർക്കോസിനോടുള്ള മത്തായിയുടെ സമീപനം
കഥാസന്ദർഭത്തിൽ നിന്നു വ്യക്തമാവുന്നുണ്ടല്ലോ?
കഥ വിശകലനം ചെയ്ത് മത്തായി എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.

17. പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ
അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്.

(പത്രനീതി)

പത്ര ധർമത്തെക്കുറിച്ചുള്ള ജഫേഴ്സന്റെ നിലപാട് ശ്രദ്ധിച്ചല്ലോ. സമകാലിക
പത്ര മാധ്യമങ്ങൾ ഈ ധർമം പാലിക്കുന്നുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി
'മാധ്യമധർമവും സമകാലികപത്ര മാധ്യമങ്ങളും'
എന്ന വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക.

-oOo-